REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യം ഇന്ന് 79-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. 2047-ഓടെ ഇന്ത്യ വികസിത സമ്പദ്‌വ്യവസ്ഥയായി മാറുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**
- **ഡൽഹിയിലെ ചുവപ്പുകോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.**
- **തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും.**
- **ഓപ്പറേഷൻ സിന്ദൂർ സന്തുലിത സൈനിക നടപടിയായിരുന്നുവെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.**
- **ഇന്ന് ISRO-യുടെ 56-ാം സ്ഥാപക ദിനം.**
- **സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ശക്തമായ മഴക്ക് സാധ്യത. കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള- ലക്ഷദ്വീപ് -കർണാടക തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്ക്.**

## വാർത്തകൾ വിശദമായി

2047-ഓടെ ഇന്ത്യ വികസിത സമ്പദ്‌വ്യവസ്ഥയായി മാറുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. അമൃത് കാലത്തിൽ രാജ്യം മുന്നേറുകയാണെന്നും ഓരോ പൗരനും കഴിവിന്റെ പരമാവധി സംഭാവന നൽകുന്നുണ്ടെന്നും അവർ അറിയിച്ചു. പഹൽഗാമിലെ ഭീകരാക്രമണം ഭീരുത്വവും

മനുഷ്യത്വരഹിതവുമായിരുന്നുവെന്ന് രാഷ്ട്രപതി വിലയിരുത്തി. സ്വാതന്ത്ര്യദിന തലേന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

...... VOICE---- രാഷ്ട്രപതി

ഭീകരവാദത്തോട് ഇന്ത്യ പുലർത്തുന്ന സന്ധിയില്ലാത്ത നിലപാട് ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകം മുഴുവൻ കണ്ടെന്ന് രാഷ്ട്രപതി വ്യക്തമാക്കി. രാജ്യത്തെ വിഭജിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഉചിതമായ മറുപടിയായി ദൗത്യം മാറിയന്നും ദ്രൗപതി മുർമു പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്...

.........വോയ്സ്........

രാജ്യം ആത്മനിർഭർ ഭാരത് എന്ന പാതയിൽ ആത്മവിശ്വാസത്തോടെ സഞ്ചരിക്കുകയാണെന്ന് രാഷ്ട്രപതി വ്യക്തമാക്കി. ലോകം ഡിജിറ്റൽ യുഗത്തിലൂടെ സഞ്ചരിക്കുമ്പോൾ ഈ മേഖലയിൽ ഇന്ത്യ വലിയ മുന്നേറ്റം നടത്തി. ഏതാണ്ട് എല്ലാ ഗ്രാമങ്ങളിലും 4G മൊബൈൽ കണക്റ്റിവിറ്റി ഉണ്ടെന്നും ശേഷിക്കുന്ന ആയിരക്കണക്കിന് ഗ്രാമങ്ങളിൽ ഉടൻ തന്നെ അത് ലഭ്യമാക്കും.

രാജ്യത്തിന്റെ നിർമിത ബുദ്ധി കഴിവുകൾ ശക്തിപ്പെടുത്താൻ ഗവൺമെന്റ് 'ഇന്ത്യ-AI ദൗത്യം' ആരംഭിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. ലോകത്തെ ഏറ്റവും പഴക്കം ചെന്ന റിപ്പബ്ലിക്കുകൾ ഇന്ത്യയിലായിരുന്നുവെന്നും അതുകൊണ്ടുതന്നെ ജനാധിപത്യത്തിന്റെ മാതാവ് എന്ന വിശേഷണത്തെ ലോകം മുഴുവൻ അംഗീകരിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

79-ാം സ്വാതന്ത്ര്യദിനത്തിൽ ഡൽഹിയിലെ ചുവപ്പുകോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തോടെ നീങ്ങുമ്പോൾ രാജ്യത്തിന്റെ ഈ വർഷത്തെ സ്വാതന്ത്ര്യദിന പ്രമേയം 'നയാ ഭാരത് ' എന്ന കാഴ്ചപ്പാടാണ്.

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ഉയർത്തിക്കാണിക്കുന്ന ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ക്ഷണപത്രങ്ങളിൽ ഓപ്പറേഷൻ സിന്ദൂർ ലോഗോയും ചെനാബ് പാലത്തിന്റെ വാട്ടർമാർക്കും ഉൾപ്പെടുത്തിയിട്ടുണ്ട്. 5000-ത്തോളം പ്രത്യേക ക്ഷണിതാക്കളെ ചുവപ്പുകോട്ടയിലെ ആഘോഷങ്ങളിൽ പങ്കെടുക്കുാൻ ക്ഷണിച്ചിട്ടുണ്ട്. സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ ടീം അംഗങ്ങളും, അന്താരഷ്ട്ര മത്സര ജേതാക്കളും, ഖേലോ ഇന്ത്യാ പാരാ ഗെയിംസിലെ വിജയികളും ഇവരിൽ ഉൾപ്പെടുന്നു.

ജനങ്ങളിൽ ദേശാഭിമാനവും രാജ്യസ്നേഹവും വർദ്ധിപ്പിക്കാൻ വൈകിട്ട് ഇത്തവണ ഓപ്പറേഷൻ സിന്ദൂർ വിജയം ഉദ്ഘോഷിക്കുന്ന പ്രത്യേക ബാന്റ് വാദ്യ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കര - നാവിക - വ്യോമസേനയും അർദ്ധസൈനിക വിഭാഗങ്ങളുമാണ് രാജ്യത്തെ 140 കേന്ദ്രങ്ങളിൽ ബാന്റ് വാദ്യം അവതരിപ്പിക്കുന്നത്.

✪✪✪

സ്വാതന്ത്ര്യദിന തലേന്ന് രാഷ്ട്രപതി നടത്തിയ പ്രസംഗം രാജ്യത്തിന്റെ കൂട്ടായ പുരോഗതിയും വരാനിരിക്കുന്ന അവസരങ്ങളും വിശദമാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി വിലയിരുത്തി. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വഴിയൊരുക്കിയ ത്യാഗങ്ങളെക്കുറിച്ച് രാഷ്ട്രപതി ജനങ്ങളെ ഓർമ്മിപ്പിച്ചതായും ഓരോ പൗരനും രാഷ്ട്രനിർമ്മാണത്തിന് സംഭാവന നൽകാൻ ആഹ്വാനം ചെയ്തതായും പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

ലോക് സഭാ സ്പീക്കർ ഓം ബിർള ജനങ്ങൾക്ക് സ്വാതന്ത്ര്യദിനാശംസകൾ നേർന്നു. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രവും മുൻ നിര സമ്പദ്‌വ്യവസ്ഥയും ഇന്ത്യയാണെന്ന അഭിമാനം അദ്ദേഹം പങ്കുവെച്ചു. വരുംതലമുറകൾക്കായി രാജ്യത്തിന്റെ അന്തസ്സും ഐശ്വര്യവും സംരക്ഷിക്കാൻ ഓം ബിർള ജനങ്ങളെ ആഹ്വാനം ചെയ്തു.

✪✪✪

79-ാം സ്വാതന്ത്ര്യദിനാഘോഷ വേളയിൽ കേരളത്തിലെ എല്ലാ ജനങ്ങൾക്കും ലോകത്തെ മുഴുവൻ മലയാളികൾക്കും ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ സ്വാതന്ത്ര്യദിന ആശംസകൾ നേർന്നു.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിലെ പൗരന്മാർ എന്ന നിലയിൽ, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും, സഹജീവികൾക്ക് കൂടുതൽ അന്തസ്സ് ഉറപ്പാക്കിയും സ്വാതന്ത്ര്യത്തെയും സമത്വത്തെയും കാത്തു സൂക്ഷിക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് അദ്ദേഹം പറഞ്ഞു. വികസിത ഭാരത ലക്ഷ്യത്തിനായി പുനരർപ്പണം ചെയ്യണമെന്നും ഗവർണർ ആഹ്വാനം ചെയ്തു.

✪✪✪

സാമൂഹികവും സാമുദായികവുമായ വേർതിരിവുകളെ അതിജീവിച്ച് ഇന്ത്യൻ ജനത ഒറ്റക്കെട്ടായി ദേശീയ പ്രസ്ഥാനത്തിൽ അണിനിരന്നതിന്റെ ഫലമാണ് രാജ്യത്തിന്റെ സ്വാതന്ത്ര്യം എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സ്വാതന്ത്ര്യദിന സന്ദേശത്തിൽ പറഞ്ഞു.

ഇന്നലെകൾ നൽകിയ കരുത്തും പാഠങ്ങളും ഉൾക്കൊണ്ട് പുതിയ നാളെകൾ സൃഷ്ടിക്കാനും എല്ലാവരും തുല്യരായി ജീവിക്കുന്ന പുതിയ ഇന്ത്യ സൃഷ്ടിക്കാനും സ്വാതന്ത്ര്യ ദിനം ഊർജ്ജം പകരട്ടെയെന്ന് മുഖ്യമന്ത്രി ആശംസിച്ചു.

✪✪✪

സംസ്ഥാനത്തും വിപുലമായ പരിപാടികളോടെ സ്വാതന്ത്ര്യ ദിനം ആഘോഷിക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും. ജില്ലകളിലെ സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും. നിയമ സഭാ സമുച്ചയത്തിൽ സ്പീക്കർ A.N ഷംസീർ പതാക ഉയർത്തും. ആഘോഷങ്ങളിലൂടനീളം ഇക്കുറി ഹരിത പ്രോട്ടോക്കോൾ പാലിക്കാൻ നിർദേശമുണ്ട്.

✪✪✪

KPCCയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിക്കും. KPCC പ്രസിഡന്റ് സണ്ണി ജോസഫ് കണ്ണൂരിൽ ആഘോഷങ്ങൾക്ക് നേതൃത്വം നൽകും. തിരുവനന്തപുരം KPCC ആസ്ഥാനത്ത് രാവിലെ മുൻ പ്രസിഡന്റ് VM സുധീരൻ ദേശീയപതാക ഉയർത്തും. DCC കളുടെയും ബ്ലോക്ക്, മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെയും നേതൃത്വത്തിലും സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ നടത്തും.

✪✪✪

ഇന്ത്യൻ സൈന്യത്തിന്റെ ഓപ്പറേഷൻ സിന്ദൂർ തികച്ചും സന്തുലിതമായ സൈനിക നടപടിയായിരുന്നുവെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വ്യക്തമാക്കി. അസന്തുലിത യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന ഇക്കാലത്ത് സ്വയം പര്യാപ്തതയുടേയും, സാങ്കേതിക മികവിന്റെയും, വിജയകരമായ സൈനിക തന്ത്രത്തിന്റെയും സൂക്ഷ്മവും തിളക്കമുറ്റ നടപടിയുടെ പ്രതീകമാണ് സിന്ദൂർ ദൗത്യമെന്ന് ആകാശവാണിയിലൂടെ സ്വാതന്ത്ര്യദിന തലേന്ന് സൈനികർക്ക് നൽകിയ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. പരമ്പരാഗത യുദ്ധ കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമായ യുദ്ധമുഖമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യം ആവിഷ്കരിച്ചതെന്നും രാജ്നാഥ് സിംഗ് വിശദീകരിച്ചു.

✪✪✪

ഇന്ന് ISRO-യുടെ 56-ാമത് സ്ഥാപക ദിനം. ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ ദൗത്യങ്ങൾക്ക് സുപ്രധാന പങ്കുവഹിച്ച ISRO, 1969 ആഗസ്ത് 15നാണ് സ്ഥാപിതമായത്. ഡോ. വിക്രം സാരാഭായ് ആയിരുന്നു ISRO യുടെ സ്ഥാപകൻ.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

സംസ്ഥാന ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുമ്പോൾ ലൈഫ് ഭവന പദ്ധതിയിലൂടെ കേരളത്തിൽ ആറര ലക്ഷം വീടുകൾ പൂർത്തീകരിക്കുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. കണ്ണൂർ കോളയാട് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ ഉദ്ഘാടനവും, ലൈഫ് ഭവന പദ്ധതിയിലൂടെ പൂർത്തീകരിച്ച 288 വീടുകളുടെ താക്കോൽ ദാനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഹരിതകർമ്മസേന ഇല്ലായിരുന്നുവെങ്കിൽ ജീവിക്കാൻ പറ്റാത്ത നാടായി കേരളം മാറുമായിരുന്നുവെന്ന് മട്ടന്നൂരിൽ നഗരസഭയുടെ സാദരം സാഭിമാനം' പരിപാടി ഉദ്ഘാടന ചടങ്ങിൽ രാജേഷ് പറഞ്ഞു. കേന്ദ്രദവൺമെന്റിന്റെ പ്രോമിസ്സിംഗ് സ്വച്ച് ഷഹർ പുരസ്കാരം നേടിയ മട്ടന്നൂർ നഗരസഭയാണ് പരിപാടി സംഘടിപ്പിച്ചത്.

✪✪✪

കണ്ണൂർ കുറ്റ്യാട്ടൂർ പഞ്ചായത്തിലെ മിനി സ്റ്റേഡിയത്തിന്റെയും, ഹാപ്പിനെസ്സ് പാർക്കിന്റെയും നിർമ്മാണം മന്ത്രി OR കേളു ഉദ്ഘാടനം ചെയ്തു. നാടിന്റെ വികസനം സാധ്യമാകണമെങ്കിൽ എല്ലാവരും ഒരുമിച്ച് നിൽക്കണമെന്നും എല്ലാ മേഖലകളിലും ഇടപെട്ട് ലോകത്തിനൊപ്പം സഞ്ചരിക്കുന്ന നാടാണ് കേരളം എന്നും മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട്ടെ കൊയിലാണ്ടി തോരായിൽകടവ് പാലത്തിന്റെ ഗർഡർ നിർമ്മാണത്തിനിടെ തകർന്ന സംഭവത്തിൽ റിപ്പോർട്ട് കിട്ടിയാലുടൻ തുടർനടപടിയെടുക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. കേരളാ റോഡ്സ് ഫണ്ട് ബോർഡ് പ്രോജക്ട് ഡയറക്ടറാണ് സംഭവം അന്വേഷിക്കുന്നത്.

✪✪✪

രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്ത ശേഷം ആദ്യമായി ജന്മനാട്ടിൽ എത്തിയ C സദാനന്ദൻ മാസ്റ്റർക്ക് BJP കണ്ണൂർ സൗത്ത് ജില്ലാ കമ്മിറ്റി ഊഷ്മള സ്വീകരണം നൽകി. ഇന്നലെ വൈകിട്ട് തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ അദ്ദേഹത്തെ പാർട്ടി നേതാക്കൾ സ്വീകരിച്ചു. തുടർന്ന് ഉരുവച്ചാലിൽ പൊതുസമ്മേളനവും സംഘടിപ്പിച്ചു.

✪✪✪

ആഗസ്റ്റ് 30ലെ 71-മത് നെഹ്രു ട്രോഫി വള്ളംകളിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം 50 ലക്ഷം രൂപ ധനസഹായം നൽകാൻ ഉത്തരവിട്ടു. വള്ളംകളി ഓൺലൈൻ ടിക്കറ്റ് വിൽപ്പന ഇന്നലെ മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്തു. ടിക്കറ്റുകൾ ഇന്ന് മുതൽ ലഭ്യമാകും. നെഹ്റു ട്രോഫിബോട്ട് റേസ് സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെയാണ് ടിക്കറ്റ് വിൽപ്പന.

✪✪✪

ആനക്കാംപൊയിൽ – കള്ളാടി – മേപ്പാടി തുരങ്കപാത പ്രവൃത്തി ഉദ്ഘാടനത്തോട് ബന്ധപ്പെട്ട് 501 അംഗ സംഘാടക സമിതി രൂപീകരിച്ചു. ലിന്റോ ജോസഫ് MLA യാണ് സമിതി ചെയർമാൻ. ഈ മാസം 31 ന് ആനക്കാംപൊയിൽ സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ തുരങ്കപാത നിർമ്മാണം ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ താഴെ ചൊവ്വയ്ക്കടുത്ത ആറ്റടപ്പയിലെ വീട്ടിൽ വില്പനക്ക് സൂക്ഷിച്ച 141 ഗ്രാമിലേറെ MDMAയും 22 ഗ്രാമോളം ഹൈബ്രിഡ് കഞ്ചാവും എടക്കാട് പോലീസ് പിടികൂടി. പ്രതി വിഷ്ണു എന്നയാളെ അറസ്റ്റ് ചെയ്തു.

✪✪✪

ഭാരതം ഒറ്റ രാഷ്ട്രമാണെന്ന കാഴ്ചപ്പാട് പുലർത്തുന്നവർക്ക് മാത്രമേ രാജ്യത്തെ ഒന്നിച്ച് നിർത്താനാവൂ എന്ന് RSS ദക്ഷിണ ക്ഷേത്രീയ സഹ ബൗദ്ധിക് പ്രമുഖ് KP രാധാകൃഷ്ണൻ പറഞ്ഞു. BJP കോഴിക്കോട് സിറ്റി ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച വിഭജന ഭീതി സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു രാധാകൃഷ്ണൻ.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs:,ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*